(ബി) ഏതെല്ലാം പോലീസ് സ്റ്റേഷനുകളാണ് ആക്രമിച്ചതെന്ന് കാണിക്കുന്ന ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആക്രമണം സംബന്ധിച്ച് കേസുകളുടെ ഇപ്പോഴത്തെ നില എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കാലഘട്ടത്തിൽ പോലീസ് ഉദ്യോഗസ്ഥൻമാരെ ആക്രമിച്ച എത്ര സംഭവം ഉണ്ടായിട്ടുണ്ട് എന്ന് പറയുമോ;

(ഇ) പോലീസ് സ്റ്റേഷനേയും പോലീസുകാരേയും ആക്രമിച്ച പ്രതികൾ ആരൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)—(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പുതുതായി ആരംഭിക്കുന്ന പോലീസ് സർക്കിൾ ഓഫീസുകൾ

147 [108] *ശ്രീ. മാത്യു ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിക്കുന്ന പോലീസ് സർക്കിൾ ഓഫീസുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും മുൻഗണനാലിസ്റ്റുണ്ടെങ്കിൽ അതു ലഭ്യമാക്കുമോ;

(സി) ആലപ്പുഴ ജില്ലയിലെ ചാരുമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്ന നടപടി ഏതു ഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുതുതായി എവിടെയൊക്കെ പോലീസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കണമെന്ന് സർക്കാർ തീരുമാനമൊന്നുമെടുത്തിട്ടില്ല.

(ബി) മുൻഗണനാലിസ്റ്റ് നിലവിലില്ല.

(സി) ആലപ്പുഴ ജില്ലയിലെ ചാരുമൂട് കേന്ദ്രമാക്കി നൂറനാട് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പോലീസ് ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

GPM. 2/564/2012—23

LIBRARY ARCHIVES Kerala Legislative Assembly